**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5241

02.07.2013-ലെ മറുപടിയ്ക്ക്

# കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന് പുതിയ ഓഫീസ് കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ ഓഫീസുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) | ഈ സ്ഥലത്തുള്ള ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ? | (സി) | നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിലെ പിഴവുകളുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് |

ബലപ്പെടുത്തുന്നതിനുള്ള
സാദ്ധ്യതകൾ വിശദമായി
പഠിക്കുന്നതിന് ചെന്നൈ SERC
എന്ന സ്ഥാപനത്തെ
ഏർപ്പെടുത്തുന്ന കാര്യം
പൊതുമരാമത്ത് വകുപ്പിന്റെ
പരിഗണനയിലാണ് എങ്കിലും
പുതിയ കെട്ടിടം
പണിയുന്നതിനായി നിലവിലുള്ള
കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള
അനുമതി നല്കുന്ന കാര്യം
പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ